"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലംമാറ്റം ഡോ.വിദ്യ ആർ വിജയൻ ,അസിസ്റ്റന്റ് സർജൻ ,സാമൂഹികാരോഗ്യ കേന്ദ്രം, പെരുങ്കടവിള, തിരുവനന്തപുരം - ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത 986/2023 നമ്പർ കേസിലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2104/2023/H&FWD തീയതി,തിരുവനന്തപുരം, 17-08-2023

---

പരാമർശം:-

1. ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഡോ.വിദ്യ ആർ വിജയൻ ,അസിസ്റ്റന്റ് സർജൻ ഫയൽ ചെയ്ത 986/2023 നമ്പർ കേസിന്മേൽ ബഹു. ട്രിബ്യൂണൽ 19-06-2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്
2. സഉ (സാധ) 1518/2023/ആകുവ തീയതി 26-06-2023
3. സഉ (സാധ) 1603/2023/ആകുവ തീയതി 04/07/2023
4. ഡോ.വിദ്യ ആർ വിജയൻ, അസിസ്റ്റന്റ് സർജൻ സമർപ്പിച്ച അപ്പീൽ അപേക്ഷ
5. അപ്പീൽ കമ്മിറ്റി 22-07-2023 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## ഉത്തരവ്

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ തിരുവനന്തപുരം പെരുങ്കടവിള സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായ ഡോ.വിദ്യ ആർ വിജയന് പത്തനംതിട്ട ചിറ്റാർ സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റം നൽകുകയുണ്ടായി. പ്രസ്തുത നടപടിക്രമത്തിനെതിരായി ടിയാൾ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒഎ നമ്പർ 986/2023 ഫയൽ ചെയ്യുകയും, തുടർന്ന് ബഹു .ട്രിബ്യൂണൽ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കപ്പെടുകയുമുണ്ടായി. പ്രസ്തുത ഉത്തരവിലെ നിർദ്ദേശ പ്രകാരം ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട അപ്പീലുകൾ പരിശോധിക്കുന്നതിന് ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർ പേഴ്സണായും ആരോഗ്യ വകുപ്പ് ഡയറക്ടർ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എന്നിവർ അംഗങ്ങളായും പരാമർശം (2), (3) എന്നിവ പ്രകാരം ഒരു അപ്പീൽ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി.

2. ഇതിനിടെ പരാമർശം (1) ലെ നിർദ്ദേശ പ്രകാരം ഡോ.വിദ്യ ആർ വിജയൻ പരാമർശം (4) പ്രകാരമുള്ള അപ്പീൽ സമർപ്പിക്കുകയുണ്ടായി. തുടർന്ന് പരാമർശം (2), (3) എന്നിവ പ്രകാരം രൂപീകരിച്ച അപ്പീൽ കമ്മിറ്റി 22-07-2023 ന് യോഗം ചേരുകയും ഡോ.വിദ്യ.ആർ വിജയന്റേത്

ഉൾപ്പെടെയുള്ള അപ്പീലുകൾ പരിശോധിക്കുകയും ബഹു.ട്രിബ്യൂണൽ നിർദ്ദേശിച്ചതുപ്രകാരം ഓരോ കേസിലേയും അപേക്ഷകരേയും ബന്ധപ്പെട്ട കക്ഷികളേയും നേരിൽ കേൾക്കുകയും ചെയ്തു. നേരിൽ കേൾക്കുന്ന വേളയിലും അപ്പീൽ അപേക്ഷയിലും ഡോ.വിദ്യ ആർ വിജയൻ ആവശ്യപ്പെട്ടത്, ടിയാളുടെ ആരോഗ്യാവസ്ഥ പരിഗണിച്ച്, ടിയാളെ നിലവിലെ സ്റ്റേഷനിൽ തുടരാനനുവദിക്കുകയോ പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ടിയാൾ ആവശ്യപ്പെട്ട ഏതെങ്കിലും സ്റ്റേഷനിൽ നിയമനം നൽകുകയോ ചെയ്യണം എന്നതാണ് .

(3) അപ്പീൽ കമ്മിറ്റി ഈ വിഷയം വിശദമായി പരിശോധിക്കുകയും ഡോ.വിദ്യ ആർ വിജയന്റെ ആരോഗ്യാവസ്ഥ പരിഗണിച്ച് പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ടിയാൾ ഓപ്ഷൻ നൽകിയ സ്റ്റേഷനുകളിൽ അടുത്ത് ഉണ്ടാകുന്ന ഒഴിവുകളിൽ അർഹത അനുസരിച്ച് ടിയാളെ പരിഗണിക്കുന്നതിന് ശിപാർശ ചെയ്യുകയും ഉണ്ടായി.

(4) അപ്പീൽ കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ചുകൊണ്ട് ഡോ.വിദ്യ ആർ വിജയന്റെ ആരോഗ്യാവസ്ഥ പരിഗണിച്ച് പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ടിയാൾ ഓപ്ഷൻ നൽകിയ സ്റ്റേഷനുകളിൽ അടുത്ത് ഉണ്ടാകുന്ന ഒഴിവുകളിൽ അർഹത അനുസരിച്ച് ടിയാളെ പരിഗണിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി, ടിയാൾ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു. ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം അനുപാലിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ ,കേരള,തിരുവനന്തപുരം ( With C/L)
ആരോഗ്യ വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം
ഡോ.വിദ്യ ആർവിജയൻ ,സാമൂഹികാരോഗ്യ കേന്ദ്രം,
പെരുങ്കടവിള,തിരുവനന്തപുരം
ഡോ.ടിറ്റോ.എസ്.ആർ ,അസിസ്റ്റന്റ് സർജൻ,പ്രാഥമികാരോഗ്യ കേന്ദ്രം ,
കുന്നത്തുകാൽ ,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 17-08-2023 12:18:33

**മേലെഴുത്ത് നം. ഇ.എ2–12077/2023/ആ.വ.ഡ. തീയതി: 17/08/2023**

**സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.**

**ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി**